# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 12**

---

## നാലുവർഷ ബിരുദം; ശിൽപ്പശാല തുടങ്ങി

നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ പാഠ്യപദ്ധതി ചട്ടക്കൂടുമായി ബന്ധപ്പെട്ട് മാസ്റ്റർ ട്രെയിനേഴ്സിനുള്ള ദ്വിദിന ശിൽപ്പശാല മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ആരംഭിച്ചു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പും മഹാത്മാ ഗാന്ധി സർവകലാശാലയും സംയുക്തമായി സംഘടിപ്പിച്ച പരിപാടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. മുൻ വൈസ് ചാൻസലറും ഉന്നത വിദ്യാഭ്യാസ കൗൺസിൽ എക്സിക്യുട്ടീവ് അംഗവുമായ പ്രഫ. സാബു തോമസ് മുഖ്യ പ്രഭാഷണം നടത്തി.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെംബർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ആർ. അനിത, ഡോ. കെ.എം. സുധാകരൻ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ എക്സിക്യുട്ടീവ് അംഗം ഡോ. പോൾ വി കാരന്താനം എന്നിവർ സംസാരിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു പുഷ്പൻ, ഡോ.ബിജു തോമസ്, ഡോ. ബാബു മൈക്കിൾ എന്നിവർ പങ്കെടുത്തു.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ റിസർച്ച് ഓഫീസർമാരായ വി. ഷഫീഖ്, ഡോ. കെ. സുരേന്ദ്രൻ, ഡോ. ഉത്തര സോമൻ, ടിഞ്ചു പി. ജെയിംസ്, മനുലാൽ പി. റാം എന്നിവർ ക്ലാസെടുത്തു. സർവകലാശലയുടെ അഫിലിയേറ്റഡ് കോളജുകളിൽനിന്നുള്ള 180 മാസ്റ്റർ ട്രെയിനർമാർ പങ്കെടുക്കുന്ന ശിൽപ്പശാല ഇന്ന്(ഒക്ടോബർ 13) സമാപിക്കും.

(പി.ആർ.ഒ/39/1222/2023)

## ചെറുധാന്യങ്ങളുടെ പ്രാധാന്യം; സെമിനാർ നടത്തി

ഭക്ഷ്യസുരക്ഷ, പോഷണം, സുസ്ഥിര കൃഷി എന്നിവയിൽ ചെറുധാന്യങ്ങളുടെ പ്രാധാന്യം എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി

സർവകലാശലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജിയും ഫുഡ് സേഫ്റ്റി സ്റ്റാൻഡേർസ് അതോറിറ്റി ഓഫ് ഇന്ത്യയും സംയുക്തമായി സെമിനാർ സംഘടിപ്പിച്ചു.

വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. എം.എസ് ജിഷ, ഡോ. അനുജ തോമസ്, ഡോ. ലിനു എം. സലീം എന്നിവർ സംസാരിച്ചു.

ഡോ. എസ്. കാർത്തികേയൻ, ഡോ. പി. ഗീത, ഡോ. സീജ തോമാച്ചൻ പഞ്ഞിക്കാരൻ എസ്.എസ്.എ.ഐ നോഡൽ സേഫ്റ്റി ഓഫീസർ ഡോ. ജെ.ബി. ദിവ്യ എന്നിവർ ക്ലാസെടുത്തു. ചെറു ധാന്യങ്ങളുടെ വിളവെടുപ്പിനു ശേഷമുള്ള നടപടികൾ, സംസ്കരണം, മൂല്യവർധന, ധാന്യങ്ങളിലെ പോഷകങ്ങൾ, എഫ്.എസ്.എസ്.എ.ഐ മാനദണ്ഡങ്ങൾ തുടങ്ങിയവയെക്കുറിച്ച് വിശദമാക്കി.

കർഷകർ, ഭക്ഷ്യവ്യവസായ മേഖലയുടെ പ്രതിനിധികൾ, അധ്യാപകർ, ഗവേഷകൻ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

*ഫോട്ടോ ക്യാപ്ഷൻ..*

ഭക്ഷ്യസുരക്ഷ, പോഷണം, സുസ്ഥിര കൃഷി എിവയിൽ ചെറു ധാന്യങ്ങളുടെ പ്രാധാന്യം എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശലയിൽ സംഘടിപ്പിച്ച സെമിനാർ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/1223/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ,2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സൈബർ ഫോറൻസിക്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 12 മുതൽ 20 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഒക്ടോബർ 21 മുതൽ 25 വരെ പിഴയോടു കൂടിയും 26ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

.................................

ഒന്നും രണ്ടും സെമസ്റ്റർ ബി.ആർക്ക്(2022 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ നവംബർ ഏഴിന് ആരംഭിക്കും. ഒക്ടോബർ 21 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഒക്ടോബർ 26 വരെ പിഴയോടു കൂടിയും ഒക്ടോബർ 28 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1224/2023)

## <u>പരീക്ഷാ ഫലം</u>

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് നടത്തിയ നാലാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി(ഒണേഴ്സ് - 2012-2015 അഡ്മിഷൻ സപ്ലിമെൻററി, 2011 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് - ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 21 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം

(പി.ആർ.ഒ/39/1225/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**